**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **24-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച വ്യവസായങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 18/06/2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 2,65,828 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 17,566 കോടി രൂപയുടെ നിക്ഷേപമാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ 5,88,127 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യവസായങ്ങൾ ആരംഭിച്ചതിലൂടെ സംസ്ഥാനത്ത് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28 -ാം സ്ഥാനത്തു നിന്നും 15 -ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ മാത്രം സംസ്ഥാനത്ത് 17,566 കോടി രൂപയുടെ നിക്ഷേപം കൊണ്ട് |

| | | | |
|---|---|---|---|
| | | | വരാൻ കഴിഞ്ഞിട്ടുണ്ട്. പുതുതായി ടി മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് പരോക്ഷമായി സംസ്ഥാനത്തെ നികുതി വരുമാനവും വർദ്ധിക്കുമെന്നത് വികസനത്തിന് ആക്കം കൂട്ടും. കൂടാതെ 5,88,127 പേർക്ക് തൊഴിൽ നല്കാനും സാധിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നതാണ് സൂക്ഷ്മ ചെറുകി ഇടത്തരം മേഖലയെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ അനുകൂലമാക്കുന്നത്. |
| (സി) | പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏകജാലക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് വഴി കേരളത്തിൽ വ്യവസായങ്ങൾക്കായുള്ള ഏകജാലക ലൈസൻസ് സംവിധാനം നിലവിലുണ്ട്. 2018- ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2019 -ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്നിവ വഴി ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡും, ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഏകജാലക ക്ളിയറൻസ് ബോർഡുകളും നിലവിലുണ്ട്. 15 കോടിയുടെ നിക്ഷേപം വരുന്ന പദ്ധതികൾ തുടങ്ങുന്നവർക്ക് ജില്ലാ ബോർഡിനെയും അതിനുമുകളിൽ നിക്ഷേപം വരുന്ന പദ്ധതികൾ ആരംഭിക്കുന്നതിനു സംസ്ഥാന ബോർഡിനെയും ആണ് സമീപിക്കേണ്ടത്. ഇവ കൂടാതെ വ്യവസായ പ്രദേശങ്ങളിലും ഏകജാലക ക്ലീയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം സംരംഭകരെ സഹായിക്കുന്നു. അനുമതികൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് KSWIFT പോർട്ടലും പ്രവർത്തനസജ്ജമാണ്.<br><br>ഫയർ ആൻഡ്റസ്ക്യൂ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ്, തദ്ദേശസ്വയംഭരണവകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂഗർഭജല വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, നഗരാസൂത്രണം, മൈനിങ്ങ് ആൻഡ് ജിയോളജി, ജില്ലാ മെഡിക്കൽ ഓഫീസർ, തൊഴിൽ വകുപ്പ്, കൃഷി വകുപ്പ്, അളവ് തൂക്ക വകുപ്പ്, പുരാവസ്തു വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ഡ്രഗ്സ് കണ്ട്രോൾ വകുപ്പ്, |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പ്, സ്റ്റേറ്റ് എൻവയോണ്മെന്റ് ഇമ്പാക്ട് അസ്സസ്സ്മെന്റ് അതോറിറ്റി എന്നീ വകുപ്പുകൾ കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ